കശുവണ്ടി കോർപ്പറേഷന്റെ ബാങ്ക് ബാദ്ധ്യത

2 [3513] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*

,, *എം. എം. ഹസ്സൻ:*

,, *ടി. എൻ. പ്രതാപൻ:*

,, *വർക്കല കഹാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ ബാദ്ധ്യത സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു തുകയ്ക്കുള്ള ബാദ്ധ്യതയാണ് ഏറ്റെടുത്തിട്ടുള്ളത്;

(സി) എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് ഈ ബാദ്ധ്യതകൾ ഏറ്റെടുത്തതെന്ന് വിശദീകരിക്കാമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് കശുവണ്ടി ഇറക്കുമതി നടത്തിയതിലുണ്ടായ ക്രമക്കേടുനിമിത്തം കോർപ്പറേഷനുണ്ടായ നഷ്ടവും സർക്കാർ ഏറ്റെടുത്ത ബാദ്ധ്യതകളിൽപ്പെടുമോ; എങ്കിൽ എന്തു തുക ഈയിനത്തിൽ ഉൾപ്പെടും;

(ഇ) ഈ കാലയളവിലുണ്ടായ ക്രമക്കേടുകളെപ്പറ്റി അന്വേഷണം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) & (ബി) കശുവണ്ടി വികസന കോർപ്പറേഷൻ ബാങ്കുകൾക്ക് ബാദ്ധ്യതയായ 107.57 കോടി രൂപ പലിശ സഹിതം 5 വാർഷിക ഗഡുക്കളായി നൽകാൻ ആവശ്യമായ തുക കോർപ്പറേഷന് വായ്പയായി നൽകാൻ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്.

(സി) കോർപ്പറേഷൻ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിലേക്ക് നിലവിലുള്ളവർക്ക് പ്രാക്ടീസ് മാറ്റുന്നതിനേയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനേയും അടിസ്ഥാനപ്പെടുത്തി കോർപ്പറേഷൻ ഗവൺമെന്റുമായി ഒരു ധാരണാപത്രം ഒപ്പിടണമെന്ന വ്യവസ്ഥയിലാണ് ടി തുക അനുവദിക്കാൻ ഉത്തരവായത്.

(ഡി) & (ഇ) മുൻ സർക്കാരിന്റെ കാലത്ത് കശുവണ്ടി ഇറക്കുമതി നടത്തിയതിൽ ക്രമക്കേടുള്ളതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ RIAB-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. RIAB-ന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

GPM. 2/611/2012—7

LIBRARY ARCHIVES Kerala Legislative Assembly